**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **10-02-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | 2024-25-ലെ ശബരിമല തീർത്ഥാടനകാലം തീർത്ഥാടകർക്ക് യാതൊരുവിധ ബുദ്ധിമുട്ടുകൾക്കും പരാതികൾക്കും ഇടയില്ലാത്ത വിധം സുഗമമാക്കുന്നതിനായി നടപ്പാക്കിയിരുന്ന പ്രവർത്തനങ്ങളും ക്രമീകരണങ്ങളും ഫലവത്തായിരുന്നോ എന്ന് വിശദമാക്കുമോ; | (എ) | 2024-25-ലെ ശബരിമല മണ്ഡല- മകരവിളക്ക് തീർത്ഥാടനകാലം സുഗമമാക്കുന്നതിനായി സർക്കാരും ദേവസ്വം ബോർഡും നടപ്പാക്കിയിരുന്ന പ്രവർത്തനങ്ങളും ക്രമീകരണങ്ങളുമെല്ലാം തന്നെ ഫലവത്തായിരുന്നു. തീർത്ഥാടന കാലത്തിന്റെ ഏകോപനത്തിനും വിജയത്തിനുമായി സർക്കാർതലത്തിൽ ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ കാലേകൂട്ടിത്തന്നെ നിരവധി അവലോകന യോഗങ്ങൾ ചേർന്നിരുന്നു. മറ്റ് വകുപ്പ് മന്ത്രിമാരും ചീഫ് സെക്രട്ടറിയും റവന്യൂ(ദേവസ്വം) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും വെവ്വേറെ മീറ്റിംഗുകൾ നടത്തുകയുണ്ടായി. ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ കൃത്യമായ സംഘാടനവും ഫലപ്രദമായ ഏകോപനവും ഒത്തുചേർന്നപ്പോൾ പരാതികൾക്കിടവരാത്ത ഒരു വിജയകരമായ തീർത്ഥാടനകാലം സംഘടിപ്പിക്കാൻ സാധിച്ചു.<br><br>ഭക്തർക്ക് സുഗമമായ ദർശന സൗകര്യം, ഇടതടവില്ലാത്ത അന്നദാനം, കുടിവെള്ളം, ലഘുഭക്ഷണം എന്നിവയും ആവശ്യാനുസരണം അരവണ, അപ്പം, മറ്റ് വഴിപാട് പ്രസാദങ്ങൾ എന്നിവയും ലഭ്യമാക്കുന്നതിനുള്ള മുൻകരുതലുകൾ കാലേക്കൂട്ടി തന്നെ കൈക്കൊണ്ടിരുന്നു. മുൻ വർഷത്തെ അപേക്ഷിച്ച് നിലയ്ക്കലിൽ കൂടാതെ പമ്പ ഹിൽടോപ്പ്, ചക്കുപാലം തുടങ്ങിയ സ്ഥലങ്ങളിലും ഭക്തരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം അനുവദിച്ചിരുന്നു. പമ്പയിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി ഉണ്ടായിരുന്ന രാമമൂർത്തി മണ്ഡപം 2018-ലെ പ്രളയത്തിൽ നശിച്ച് പോയിരുന്നു. ഇതിന് പകരമായി പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ ഭക്തർക്ക് വിശ്രമിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | വലിയ ജർമ്മൻ പന്തൽ തയ്യാറാക്കിയിരുന്നു. ഇത് കൂടാതെ സന്നിധാനത്തും പമ്പയിലും പല പ്രദേശങ്ങളിലായി താല്ക്കാലിക പന്തലുകളും ഭക്തരുടെ സൗകര്യാർത്ഥം ഒരുക്കിയിരുന്നു.<br><br>നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ആവശ്യാനുസരണം പോലീസ് ഉദ്യോഗസ്ഥരേയും അവരുടെ മേൽനോട്ടത്തിനായി ഉന്നത പോലീസ് ഉദ്യോഗസ്ഥരേയും നിയോഗിച്ചിരുന്നു. ഇതുമൂലം തിരക്ക് നിയന്ത്രിക്കുന്നതിനും ഭക്തർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ സുഗമമായ ദർശന സൗകര്യം ഒരുക്കുവാനും സാധിച്ചിട്ടുള്ളതാണ്.<br><br>പമ്പ, സന്നിധാനം പാതയിൽ ആവശ്യാനുസരണം എമർജൻസി മെഡിക്കൽ സെന്ററുകൾ, ചുക്കുവെള്ളം വിതരണം നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങളെല്ലാം തന്നെ ഒരുക്കിയിരുന്നു. മകരവിളക്ക് ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ഭക്തർ മകരവിളക്ക് കാണുന്നതിനായി തങ്ങുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ്, വനം, ദേവസ്വം, ജില്ലാ ഭരണകൂടം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനകൾ നടത്തുകയും ബാരിക്കേടുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സജ്ജീകരിച്ചിരുന്നതിനാൽ ബുദ്ധിമുട്ടുകൾ ഉണ്ടാകാതെ തീർത്ഥാടകർക്ക് മകരവിളക്ക് ദർശിക്കുവാനും സാധിച്ചു. |
| (ബി) | ഇക്കഴിഞ്ഞ സീസണിൽ എത്ര തീർത്ഥാടകർ ശബരിമലയിൽ ദർശനം നടത്തിയെന്നത് സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്.<br><br>ഓൺലൈൻ ബുക്കിംഗ് വഴി 43,06,601 (നാൽപത്തിമൂന്ന് ലക്ഷത്തി ആറായിരത്തി അറുന്നൂറ്റി ഒന്ന്), തൽസമയ ബുക്കിംഗ് വഴി 10,03,305 (പത്ത് ലക്ഷത്തി മൂവ്വായിരത്തി മുന്നൂറ്റി അഞ്ച്) ഉൾപ്പെടെ ആകെ 53,09,906 (അൻപത്തിമൂന്ന് ലക്ഷത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി ആറ്) തീർത്ഥാടകർ ശബരിമല ദർശനം നടത്തിയിട്ടുണ്ട്. |
| (സി) | ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് പരാതിയില്ലാത്ത തീർത്ഥാടനകാലം സാധ്യമായതെന്ന് വിശദമാക്കുമോ? | (സി) | പോലീസ്, ആരോഗ്യം, ഫയർ & റെസ്ക്യൂ, വനം, റവന്യൂ, കെ.എസ്.ആർ.ടി.സി., കെ.എസ്.ഇ.ബി, പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, എക്സൈസ്, മോട്ടോർ വാഹന വകുപ്പ്, ഭക്ഷ്യ-പൊതുവിതരണം, ഭക്ഷ്യ സുരക്ഷാ, തദ്ദേശസ്വയംഭരണം, ദുരന്തനിവാരണം തുടങ്ങി എല്ലാ സർക്കാർ വകുപ്പുകളുടെയും വിവിധ സർക്കാർ ഏജൻസികളുടെയും ഒപ്പം പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ ഭരണകൂടങ്ങളുടെയും സംയുക്തമായ പ്രവർത്തനത്തിലൂടെയാണ് തൻ വർഷത്തെ |

| | | | |
|---|---|---|---|
| | | | ശബരിമല തീർത്ഥാടനകാലം വിജയകരമായി പര്യവസാനിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ